Anjana

SCAMI

U3 - 67

# S S L C UNIT TEST - III
## KERALA PADAVALI
### VERSION - A

Total Score : 25
Time : 45 Hr.

Score

1. അതിൽ ഒരു കഥാപാത്രമുണ്ടാകും. ഒരു പതിനാറു വയസ്സുകാരൻ ദസ്തയേവ്സ്കി ഇവിടെ സൂചിപ്പിക്കുന്ന കഥാപാത്രം?
   മിഷ്കിൻ ഇപ്പോലിത്ത് പാഷ സ്റ്റെല്ലോവ്സ്കി (1)
2. "എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് സന്തോഷം തോന്നും' ലിംബാളയ്ക്ക് സന്തോഷം തോന്നാൽ കാരണം? (1)
   അകത്ത് എന്തെങ്കിലും കാണുമെന്ന് കരുതി
   മിഠായി കടലാസായതുകൊണ്ട്
   വായിക്കാൻ കഴിയും എന്നതുകൊണ്ട്
   തൂക്കി വിൽക്കാം എന്നതുകൊണ്ട്
3. മാതൃകപോലെ പൂരിപ്പിക്കുക.
   നാമങ്ങളിൽ നിന്നോ വിശേഷണങ്ങളിൽ നിന്നോ, ഉണ്ടാകുന്ന മറ്റ് നാമങ്ങളാണ് തദ്ധിതങ്ങൾ -
   ഉദാഹരണം - ഭീമന്റെ മകൾ - ഭൈമി
   വീരസേനന്റെ മകൻ .............. (1)
4. 'ഒപ്പം നടക്കുന്ന ഒരു സ്നേഹിതനോടെന്ന പോലെ ദസ്തയേവ്സ്കി സ്വയം സംസാരിച്ചു' നോവലിസ്റ്റ് സ്വീകരിക്കുന്ന ആഖ്യാന രീതിയുടെ സവിശേഷതയെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക. (2)
5. 'ചവറുകൾക്ക് പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി' ലിംബാളെ അനുഭവിച്ച ദാരിദ്ര്യം വ്യക്തമാക്കാൻ ഈ വാക്യത്തിന് എത്രമാത്രം കഴിയുന്നുണ്ട്? വിശദീകരിക്കുക. (2)
6. അനുഭവങ്ങൾ ഹൃദയാവർജകമായി ചിത്രീകരിക്കുന്നതിലൂടെ വായനക്കാരന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കാം. അത് മനഃപരിവർത്തനത്തിന് കാരണമാകും. രചനയുടെ ഈ സോദ്ദേശ്യരീതി 'ഞാൻ കഥാകാരനായ കഥയിൽ' എത്രമാത്രം ഫലവത്തായിട്ടുണ്ട്? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. (4)
7. ആ ചരക്കുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു. ഈ പിടച്ചലിൽ നിന്ന് ദസ്തയേവ്സ്കിയുടെ ജീവിതത്തെ മോചിപ്പിക്കാൻ അന്നയ്ക്ക് കഴിയുന്നുണ്ടോ? നോവൽ ഭാഗം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. (4)
8. താഴെ കൊടുത്തിട്ടുള്ള സൂചകങ്ങൾ പ്രയോജനപ്പെടുത്തി അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകൾ വ്യക്തമാക്കുന്ന നിരൂപണം തയ്യാറാക്കുക.
   * ദുര്യോധനനോട് തോന്നിയ സഹതാപം
   * എതിരാളിക്കു മൂലച്ഛേദം വരുത്തിയേ തീരൂ എന്ന വാശി
   * ദ്വേഷമത്സരങ്ങൾ
   * പക (4)
9. ആശയം, പ്രയോഗ സവിശേഷതകൾ, കാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് കവിതക്ക് ആസ്വാദനം തയ്യാറാക്കുക. (6)

രാജാവ് നഗ്നനാണ്
എന്ന് പറഞ്ഞ ധിക്കാരിയെ
സമക്ഷത്തിൽ ഹാജരാക്കാൻ കൽപനയായി
നന്നെക്കുഞ്ഞായ അവനെ കണ്ടതും
തിരുമേനിയുടെ കോപവും തണുത്തു
അവന്റെ മുന്നിൽ
നിന്തിരുവടിക്കൊട്ടും നഗ്നത തോന്നിയുമില്ല
കാണുന്നവരോളമല്ലേ നഗ്നത
ഇവന് ശിക്ഷയില്ല
ശിക്ഷയാണ് വേണ്ടതെന്ന്
രണ്ടുനിലയിലുള്ള ചിരി ചിരിച്ചു രാജാവ്
അവന് യഥാവിധി
വിദ്യാഭ്യാസം നൽകാൻ കല്പനയുമായി
ഒരു വ്യാഴവട്ടത്തിനുശേഷം
വിദ്യാവാനായ കുമാരൻ
അവിടുത്തെ മുഖം കാണിച്ചു
അവിടുന്നണിഞ്ഞ
ലോലപീതാംബരച്ചാർത്തിനെക്കുറിച്ച്
അവൻ മധുരമായി പാടി.
കൈനിറയെ സമ്മാനങ്ങളും നേടി
ഇല്ലാത്തത് വ്യക്തമായി കാണാൻ കഴിയുന്ന
ഉള്ളത് ലവലേശം കാണാൻ കഴിയാത്ത
വിദ്യയേക്കാൾ മഹത്തായി
ഭൂമിയിൽ എന്തുണ്ട് ?

വിദ്യാവാൻ ലഭതേ ഭാഗ്യം

(ശിക്ഷ = പഠനം
കുറ്റമോ തെറ്റോ ചെയ്തതിനുള്ള ദണ്ഡനം)